മൽസ്യ ബന്ധന തുറമുഖങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡം

*395 [417] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മൽസ്യ ബന്ധന തുറമുഖങ്ങൾ ഉണ്ട്;

(ബി) മൽസ്യ ബന്ധന തുറമുഖമായി പ്രഖ്യാപിക്കുന്നതിനു സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്ത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) 8 കൊച്ചി മൽസ്യ ബന്ധന തുറമുഖം മാത്രമേ പണി പൂർത്തിയായിട്ടുള്ളു.

(ബി) മൽസ്യ ബന്ധന ബോട്ടുകൾക്ക് ആപൽശങ്ക കൂടാതെ ഏതു കാലാവസ്ഥയിലും അടുത്ത് മൽസ്യം ഇറക്കുന്നതിന് സൗകര്യം നൽകുക എന്നതാണ് മൽസ്യ ബന്ധന തുറമുഖം സ്ഥാപിക്കുന്നതു വഴി ഉദ്ദേശിക്കുന്നത്. ഈ ആവശ്യത്തിനു പറ്റിയ സ്ഥലമാണെന്നു ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധൻമാർ ശുപാർശ ചെയ്യുന്ന സ്ഥലങ്ങളിൽ വിശദമായി അന്വേഷണങ്ങളും മാതൃകാ പഠനങ്ങളും പൂർത്തിയാക്കിയതിനുശേഷം അപ്രകാരമുള്ള സ്ഥലങ്ങളാണ് മൽസ്യ ബന്ധന തുറമുഖങ്ങളായി വികസിപ്പിച്ച് എടുക്കുന്നത്.

റബ്ബർ വ്യാപാരം ഏറ്റെടുക്കൽ

*396 [418] ശ്രീ. കെ. എ. മാത്യു:

ശ്രീ. എം. വി. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ വ്യാപാരം ഏറ്റെടുക്കുവാൻ ഗവൺമെൻറിനെന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) പ്രസ്തുത നടപടി റബ്ബർ ഉൽപ്പാദന വിപണന വ്യാപാര രംഗങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) സംസ്ഥാന ഗവൺമെൻറിന് ഇപ്പോൾ പരിപാടിയൊന്നുമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാൽ സംസ്കരണ പദ്ധതി

*397 [419] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വൻകിട പാൽ സംസ്കരണ പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിന് മൊത്തം എത്ര സംഖ്യ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതിനു ഉദ്ദേശം 11 കോടി രൂപാ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നഴ്സിംഗ് സ്കൂളുകൾ

*398 [420] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഴ്സുമാരുടെ ക്ഷാമം പരിഗണിച്ച് പുതിയ നഴ്സിംഗ് സ്കൂൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സൗകര്യം സ്വകാര്യ ആശുപത്രികളിലും അനുവദിക്കുമോ;

(സി) വിദേശ രാജ്യങ്ങളിലും നാട്ടിലും ധാരാളം നഴ്സുമാരെ ആവശ്യമുണ്ടെന്നുള്ള വസ്തുത പരിഗണിച്ച് നഴ്സിംഗിന് അപേക്ഷിക്കുന്നവർക്ക് പത്താം ക്ലാസിൽ ചില വിഷയങ്ങളിൽ ചുരുങ്ങിയത് ഇത്ര മാർക്ക് വേണം എന്ന ഇന്നത്തെ നിബന്ധന മാറ്റി കൂടുതൽ ആളുകൾക്ക് അപേക്ഷിക്കുവാൻ വേണ്ട സൗകര്യം ചെയ്തു കൊടുക്കുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ,ബി) സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു.

(സി) ഇന്നു നിലവിലുള്ള നിബന്ധനകൾ ഉൾക്കൊണ്ടു തന്നെ ധാരാളം അപേക്ഷകൾ ഉള്ളതിനാൽ ഇതിൽ മാറ്റം വരുത്തണമെന്നു കരുതുന്നില്ല.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഗ്രാൻറ് തുക പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം

765 [1132] ശ്രീ. എസ്. ത്യാഗരാജൻ:

ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവ്വേദ വൈദ്യൻമാർ തങ്ങൾക്ക് നൽകുന്ന തുച്ഛമായ ഗ്രാൻറ് തുക കാലോചിതമായ രീതിയിൽ പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly